| Headline: NSE Academy takes off with a global program | State: Kerala |
| --- | --- |
| Source: Deshabhimani, (Daily in Malayalam) | Date: 29 May 2016 |

# ആഗോള പ്രോഗ്രാമുമായി നാഷണൽ സ്റ്റോക് എക്സ്ചേഞ്ച് അക്കാദമി

കൊച്ചി> സാമ്പത്തിക സുസ്ഥിരതയും ഗുണമേന്മയുമുള്ള വിദ്യാഭ്യാസം പ്രധാനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി ഇന്ത്യയിലെ മുൻനിര ഓഹരിവിപണന കേന്ദ്രമായ നാഷണൽ സ്റ്റോക് എക്സ്ചേഞ്ച് (എൻഎസ്ഇ) അക്കാദമി ആരംഭിച്ചു. പുതുതായി ആരംഭിച്ച ഈ സംരംഭം ഇനിമുതൽ എൻഎസ്ഇ വിവിധ തലത്തിലുള്ള വിദ്യാർഥികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ പദ്ധതികൾക്ക് മേൽനോട്ടം നൽകും.

നൂറുലക്ഷം കോടി രൂപയ്ക്ക് അടുത്ത വിപണിമൂലധനത്തിൽ ലോകത്തെ 10 മുൻനിര രാജ്യങ്ങളിലൊന്നായ ഇന്ത്യയിൽവിപണി മൂലധന പ്രതിശീർഷവരുമാന അനുപാതം 75 ശതമാനത്തിനടുത്താണ്. ഇവിടെ എൻഎസ്ഇയുടെ പ്രവർത്തനങ്ങൾ വിദ്യാർഥികളെ ആഗോള സാമ്പത്തിക വിപണിയിൽ മികച്ച പ്രൊഫഷണലുകളാക്കി മാറ്റും. എൻഎസ്ഇ അക്കാദമിയുടെ പ്രധാന പ്രോഗ്രാം പോസ്റ്റ് ഗ്രാജ്വേറ്റ് സർട്ടിഫിക്കറ്റ് പ്രോഗ്രം ഇൻ ഗ്ലോബൽ ഫിനാൻഷ്യൽ മാർക്കറ്റ് (പിജിസിപി-ജിഎഫ്എം) ആണ്. ഈ കോഴ്സ് ഡൽഹി, മുംബൈ, ചെന്നൈ, അഹമ്മദാബാദ്, കൊൽക്കത്ത, ഹൈദരാബാദ് എന്നിവിടങ്ങളിൽ ജൂലൈ 27 മുതൽ ആരംഭിക്കും.